പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 319

10.12.2012-ൽ മറുപടിക്ക്.

## കോഴിക്കോട് ജില്ലയിലെ റൂറൽ എ.ആർ.ക്യാമ്പിന്റെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ റൂറൽ എ.ആർ.ക്യാമ്പ് എവിടെയാണ് സ്ഥിതി ചെയ്യുന്നത് എന്നും ക്യാമ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ ചെയ്തു എന്നും വിശദമാക്കുമോ ; | : (എ) ) കോഴിക്കോട് ജില്ലയിലെ റൂറൽ എ.ആർ.ക്യാമ്പ് കീഴാരിയൂർ എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും, ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണം പുരോഗമിക്കുന്നുണ്ട്. പരേഡ് ഗ്രൗണ്ടിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ക്യാമ്പിലേയ്ക്ക് ജലസേചന ആവശ്യാർത്ഥം കിണറിന്റെ നിർമ്മാണം പൂർത്തീകരിച്ച് വെള്ളം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ക്യാമ്പിന് ചുറ്റുമതിലോ വേലിയോ ഉണ്ടോ എന്നും ഇല്ലെങ്കിൽ ഇവ ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | : (ബി) ക്യാമ്പിന് ചുറ്റുമതിലോ വേലിയോ ഇല്ല. ക്യാമ്പിന് ചുറ്റുമതിൽ കെട്ടുന്നതിന് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) ക്യാമ്പിന്റെ സമീപത്തുകൂടി പൊതുജനങ്ങൾക്കായി ഒരു ജീപ്പ് റോഡ് അനുവദിച്ചുകൊണ്ട് ആഭ്യന്തര സെക്രട്ടറി ഉത്തരവ് ഇറക്കിയിരുന്നോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി എന്താണ് എന്ന് വ്യക്തമാക്കുമോ ; | : (സി) കോഴിക്കോട് റൂറൽ എ.ആർ.ക്യാമ്പിന്റെ സമീപത്തുകൂടി ജീപ്പ് റോഡ് നിർമ്മിക്കുന്നതിനായി ആഭ്യന്തര വകുപ്പിന്റെ 22.21 സെന്റ് സ്ഥലം കീഴാരിയൂർ ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കുന്നതിന് പോലീസ് വകുപ്പിന് സമ്മതമാണെന്നും ഇതിന്മേൽ തുടർ നടപടികൾ സ്വീകരിക്കണമെന്നും ശുപാർശ ചെയ്തുകൊണ്ട് ഇതുസംബന്ധിച്ച 63612/ഇ1/2010/ഹോം എന്ന ഫയൽ 08.10.2012-ന് റവന്യൂ (യു) വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ